കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

17 (*407) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളുടെ കാര്യക്ഷമത മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചതുമൂലം വരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ;

(സി) പുതുതായി മേഖലാ ആഫീസുകൾ ആരംഭിച്ചിട്ടുണ്ടോ ; ഇതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ;

(ഡി) സ്വകാര്യ വാഹനങ്ങളുടെ സമാന്തര സർവ്വീസ് കെ.എസ്.ആർ.ടി.സി. വരുമാനത്തെ ബാധിച്ചിട്ടുണ്ടോ ;

(ഇ) സമാന്തര സർവ്വീസ് കൂടുതലായുള്ള പ്രദേശങ്ങളിൽ കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്താൻ കോർപ്പറേഷൻ നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) കെ. എസ്. ആർ. ടി. സി. തകർച്ചയുടെ വക്കിലെത്തിയ ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ എത്തിയത്. പ്രതിവർഷം 1,000 ബസ്സുകൾ നിരത്തിലിറക്കി കോർപ്പറേഷന്റെ വികസനം ഉറപ്പാക്കുന്ന നടപടികളാണ് ആദ്യഘട്ടമെന്ന നിലയിൽ സ്വീകരിച്ചത്. സുരക്ഷിതവും സുഖകരവും വിശ്വസനീയവുമായ യാത്ര മിതമായ നിരക്കിൽ ഉറപ്പാക്കുന്ന പ്രവർത്തനമാണ് കെ. എസ്. ആർ. ടി. സി. യിൽ നടപ്പാക്കിവരുന്നത്. സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ അഞ്ച് (5) മേഖലാ ഓഫീസുകൾ ആരംഭിച്ചു. തിരുവനന്തപുരത്ത് സിറ്റി ബസ്സുകൾക്ക് റൂട്ട് നമ്പർ നൽകി. ദീർഘദൂര സർവ്വീസുകൾക്ക് ഓൺലൈൻ റിസർവ്വേഷൻ ആരംഭിച്ചു. നോട്ടിഫൈഡ് റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ ആരംഭിച്ചു. അതാതുപ്രദേശത്തെ എം. എൽ. എ. മാരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രതിമാസ യോഗങ്ങൾ നടത്താൻ നടപടി സ്വീകരിച്ചു. സർവ്വീസ് കാര്യക്ഷമമായി നടത്തുന്നതിന് എല്ലാ വിഭാഗം ജീവനക്കാർക്കും ട്രെയിനിംഗ് ആരംഭിച്ചു. എല്ലാ യൂണിറ്റുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നൽകി ദീർഘദൂര സർവ്വീസിനും അന്തർ സംസ്ഥാന സർവ്വീസുകൾക്കുമായി ഇരുപത് (20) എ. സി. എയർ ബസ്, മുപ്പത് (30) സൂപ്പർ ഡീലക്സ്, മൂന്ന് (3) വോൾവോ എന്നിവ നിരത്തിലിറക്കി. ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് പഴയ ബസ് മാറ്റി പകരം പുതിയ ബസ്സുകൾ നൽകി. തിരുവനന്തപുരം നഗരത്തിൽ യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

അനന്തപുരി ബസ്സുകൾ നിരത്തിലിറക്കി. ജില്ലാ ആസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ടൗൺ ടു ടൗൺ സർവ്വീസുകളും ചെയിൻ സർവ്വീസുകളും ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 6-7-2010-ലെ കണക്കുപ്രകാരം 1,084 പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിഞ്ഞു. അതുപോലെ പുതിയ സർവ്വീസുകൾക്കും പഴയ ബസ്സുകൾ മാറ്റുന്നതിനുമായി 2,196 ബസ്സുകളും നിരത്തിലിറക്കി.

(ബി) ഉണ്ട്. കിലോമീറ്ററിന് 15 രൂപയോ, അതിനു താഴെയോ വരുമാനം ലഭിച്ചിരുന്ന ഭൂരിപക്ഷം ഷെഡ്യൂളുകളും പുനഃക്രമീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതുമൂലം അത്തരം ഷെഡ്യൂളുകളുടെ വരുമാനം വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ഇപ്പോൾ കി. മീറ്ററിന് 20 രൂപയെങ്കിലും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന സർവ്വീസുകളാണ് പ്രധാനമായും പുതിയതായി ആരംഭിക്കുന്നത്.

(സി) ഉണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിങ്ങനെ അഞ്ച് (5) മേഖലാ ഓഫീസുകളാണ് ആരംഭിച്ചിട്ടുള്ളത്. വിവിധ യൂണിറ്റുകളിലെ സർവ്വീസുകളുടെ ഏകോപനം, കോൺവോയ് തടയൽ, സമയക്ലിപ്തത പാലിച്ച് സർവ്വീസ് നടത്തൽ, സമാന്തര സർവ്വീസുകളുടെ കടന്നുകയറ്റത്തെ പ്രതിരോധിക്കത്തക്ക രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കൽ, ലാഭകരമായ പുതിയ റൂട്ടുകൾ കണ്ടെത്തൽ തുടങ്ങി സർവ്വീസ് നടത്തിപ്പിന്റെ സമസ്ത മേഖലകളിലും മേഖലാ ഓഫീസർമാർക്ക് ഫലപ്രദമായി നിയന്ത്രണം ചെലുത്താൻ കഴിയുന്നുണ്ട്. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തുതീർക്കുക, ഇന്ധനക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുകയും ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുക, അപകടങ്ങൾ കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കുക എന്നിവയും മേഖലാ ഓഫീസർമാരുടെ ജോലികളിൽപ്പെടുന്നു. തങ്ങളുടെ മേഖലയിൽപ്പെട്ട യൂണിറ്റുകളിലെ ഓരോ ഷെഡ്യൂളിന്റെയും പ്രതിദിന വരുമാനം പരിശോധിച്ച് വരുമാനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുന്നതിനുള്ള നടപടികളും മേഖലാ ഓഫീസർമാർ സ്വീകരിക്കുന്നുണ്ട്. തങ്ങളുടെ മേഖലയിൽപ്പെട്ട യൂണിറ്റുകളിലെ ജീവനക്കാരുടെ ഏറ്റക്കുറച്ചിൽ ചീഫ് ഓഫീസിന്റെ അനുമതിയോടെ ക്രമീകരിക്കാനുള്ള ചുമതലയും മേഖലാ ഓഫീസർമാർ നിർവ്വഹിക്കുന്നു. മേഖലാ ഓഫീസുകളുടെ ആവിർഭാവത്തോടെ സർവ്വീസ് നടത്തിപ്പ് കൂടുതൽ കാര്യക്ഷമതയോടെ നിർവ്വഹിക്കാൻ കഴിയുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) തിരുവനന്തപുരം നഗരത്തിലെ സമാന്തര സർവ്വീസുകളെ നിരോധിച്ചതുമൂലം കൂടുതൽ സർവ്വീസുകൾ കോർപ്പറേഷൻ ആരംഭിക്കുകയും യാത്രാക്ലേശം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കെ. എസ്. ആർ. ടി. സി. മാത്രം തിരുവനന്തപുരം നഗരത്തിൽ 523 സർവ്വീസുകളാണ് ഇപ്പോൾ നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly